# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26



# ആമുഖം

സുപ്രസിദ്ധമായ പൂരം പടയണിയുടെ നാടായ നീലംപേരൂർ ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ നീലം പേരൂർ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. പടയണി നടക്കുന്ന നീലം പേരൂർ പള്ളി ഭഗവതി ക്ഷേത്രത്തിന് അടുത്ത് അല്പം തെക്കുമാറിയാണ് നീലംപേരൂർ ഗവ. എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്.

## വിദ്യാലയ ചരിത്രം

പാടശേഖരങ്ങൾ അതിർ വരമ്പിട്ട കുട്ടനാടിന്റെ കിഴക്കുഭാഗത്ത് കോട്ടയം ജില്ലയോട് ചേർന്നാണ് നീലം പേരൂർ ഗ്രാമം. ഗതാഗത സൗകര്യം വളരെ കുറ വായിരുന്ന ഈ കുട്ടനാടൻ ഗ്രാമം ജല മാർഗ്ഗമുള്ള സൗകര്യങ്ങൾ മാത്രമാണ് അന്ന് ഉപയോഗിച്ചിരുന്നത്. അതിനാൽ 1910 - കളിൽ വിദ്യാഭ്യാസ ആവശ്യ ങ്ങൾക്കായി കോട്ടയം ജില്ലിയിൽ പോകേണ്ട ബുദ്ധിമുട്ട് സഹിക്കുവാൻ പലരും മിനക്കെട്ടിരുന്നില്ല. നാടിന്റെ വളർച്ചയ്ക്കും പുരോഗതിക്കും വിദ്യാഭ്യാസം അനിവാര്യം ആണെന്ന് അറിയാമായിരുന്ന പിള്ളാമ്മ എന്ന മുത്തശ്ശി പുറന്നാട്ടു വീട്ടിൽ ഉണ്ടായിരുന്നു. അവർ വിദ്യാലയം ആരംഭിക്കുവാനുള്ള 32 സെന്റ് സ്ഥലം സൗജന്യമായി നൽകി. ആ സ്ഥലത്ത് 1914 ൽ സ്കൂൾ ആരംഭിച്ചത്. 1914 ൽ ആരംഭിച്ച ഈ വിദ്യാലയം 100 വർഷം പിന്നിടുമ്പോൾ ആദ്യാകാല അധ്യാ പകരെപ്പറ്റിയും, കുട്ടികളെപ്പറ്റിയും അറിയാനുള്ള രേഖകൾ ഒന്നും ഇന്ന് സ്കൂളിൽ അവശേഷിച്ചിട്ടില്ല. വിദ്യാലയത്തിനായി നൽകപ്പെട്ട പുരയിടത്തിന്റെ വടക്കു ഭാഗത്തോട് ചേർന്ന് കിഴക്കു പടിഞ്ഞാറായി ഒരു ഓലക്കെട്ടിടമായി രുന്നു ആദ്യത്തെ വിദ്യാലയം. പിന്നീടാണ് സ്ഥിരം കെട്ടിടം പണിതത്.

വായിച്ചു വളരുക ചിന്തിച്ചുവിവേകം നേടുക എന്ന ആശയം ലോകത്തിനു നൽകിയ ഗ്രന്ഥശാല സ്ഥാപകനായ ശ്രീ. പി. എൻ. പണിക്കർ സാർ പഠിച്ചതും, പഠിപ്പിച്ചതുമായ വിദ്യാലയമാണിത്. പ്രസിദ്ധ കവി ശ്രീ. നീലംപേരൂർ മധു സുദനൻ നായർ, മുൻ എം. പി. സ്കറിയാ തോമസ്, പ്രൊഫ. ഡോ. ചന്ദ്രിക ശങ്കര നാരായണൻ തുടങ്ങി സമൂഹത്തിൻരെ പല മേഖലകളിലും പ്രശസ്തരായ നിരവധി ആളുകൾ ഈ വിദ്യാലയത്തിന്റെ സന്താനങ്ങളാണ്. ഇപ്പോൾ ഭാഭാ അറ്റോമിക് റിസേർച്ച് സെന്ററിന്റെ സയന്റിസ്റ്റായി ജോലി ചെയ്യുന്ന ശ്രീ. യദുകൃഷ്ണനും ഈ വിദ്യാലയത്തിന്റെ സംഭാവനയാണ്.

കഥകളിക്ക് അനശ്വരമായ ഏറെ സംഭാവനകൾ നൽകിയ ഗ്രാമമാണ് നീലം പേരൂർ. കഥകളി ആചാര്യന്മാരായ കൊച്ചപ്പിരാമൻമാർ, കുറിച്ചി കുഞ്ഞൻ പണിക്കരാശാൻ, ശ്രീ. ഗോപാലപിള്ള, ശ്രീ. ഗോപാല പണിക്കർ, അതി പ്രശസ്ത കഥകളി ഗായകൻ നീലേപേരൂർ രാമകൃഷ്ണനായർ, കഥകളി നടനായ ശ്രീ. കലാനിലയം വിജയൻ എന്നിവരും ഈ വിദ്യാലയത്തിന്റെ സന്താനങ്ങളാണ്.

കാലം മാറി വഴികളും, വാഹനങ്ങളും വന്നുയ സമീപ പ്രദേശത്ത് പുതിയ വിദ്യാലയങ്ങളും ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളും തുടങ്ങി. പരിഷ്കാരത്തിന്റെ പുത്തൻ ചിറകിലേറാൻ പലരും ഉദ്യമിക്കാൻ തുടങ്ങി. അതോടെ നാട്ടിലെ പ്രമുഖ മലയാളം വിദ്യാലയങ്ങളുടെ അധ:പതനം തുടങ്ങി. ദൂരെ സ്ഥലങ്ങളിൽ കുട്ടികളെ പഠിപ്പിക്കുവാനുള്ള രക്ഷിതാക്കളുടെ കുട്ടികളെ താൽപര്യം കുട്ടികളുടെ എണ്ണം കുറയുവാനുള്ള കാരണങ്ങളിലൊന്നാണ്. ഇന്ന് സർക്കാർ കണക്കിൽ അൺ - ഇക്കണോമിക് വിഭാഗത്തിൽപ്പെട്ടു നിൽക്കുകയാണ് ഈ വിദ്യാലയം.

## കുട്ടികളുടെ എണ്ണം.

| വർഷം | BStd-1 | | Std-2 | | Std-3 | | Std-4 | | Total | |
|---|---|---|---|---|---|---|---|---|---|---|
| 2025 – 26 | B | G | B | G | B | G | B | G | B | G |
| | 2 | 2 | 3 | 1 | 6 | 0 | 2 | 3 | 13 | 6 |
| | | | | | | | | | 19 | |

## കണ്ടെത്തൽ

- കുട്ടികളുടെ എണ്ണം ക്രമമായി കുറഞ്ഞുവരുന്നു.
- ഓരോ വർഷവും 10 ൽ താഴെ കുട്ടികൾ മാത്രമേ അഡ്മിഷൻ എടുക്കുന്നുള്ളു.
- ഓരോ വർഷവും പുതിയതായി പ്രവേശനം നൽകുന്ന വിദ്യാർത്ഥികളുടെ എണ്ണം 13 എങ്കിലും ആയി ഉയർത്തിയാൽ കുട്ടികളുടെ ആകെ എണ്ണം കുറയാതെ സംരക്ഷിക്കാം.
- എല്ലാ വിഭാഗത്തിലുമുള്ള കുട്ടികൾ എത്തുന്നുണ്ടെങ്കിലും വേണ്ടത്ര പ്രാതിനിധ്യം ഓരോ വിഭാഗങ്ങളിലും ഉണ്ടാകാറില്ല.
- സ്കൂളിന്റെ രണ്ടു കിലോമീറ്റർ ചുറ്റളവ് പ്രവർത്തന പരിധിയായി കണക്കാക്കി കൂടുതൽ പ്രചരണം നടത്തിയാൽ ഓരോ വർഷവും പ്രവേശനം നേടുന്ന കുട്ടികളും എണ്ണത്തിൽ വർദ്ധനവ് വരത്തുവാൻ കഴിയും.

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിര അധ്യാപകർ | 3 വർഷത്തിൽ കുടുതൽ സേവനം ഈ വിദ്യലയത്തിൽ നൽകിയവർ |
|---|---|---|---|
| Std 1-IV | | | |

## വിശകലനം

1. നിലവിലെ അധ്യാപകരെല്ലാം മുൻവർഷത്തെ അധ്യാപക പരിശീലനത്തിൽ പങ്കെടുത്തരാണ്.
2. എല്ലാ അധ്യാപകർക്കും ഐ.റ്റി പരികീലനം ലഭിച്ചിട്ടുണ്ട്.
3. പഠനാനുബന്ധസാമഗ്രികൾ പ്രദർശിപ്പിക്കുവാനുള്ള ഐ.റ്റി. ഉപകരണങ്ങളുടെ അഭാവവും ഇന്റർനെറ്റ് ന്റെ അഭാവവും പഠന നേട്ടങ്ങൾ ആർജിക്കുന്നതിന് തടസ്സമായി നിൽക്കുന്നു. കുട്ടികളുടെ വ്യക്തിഗത പഠന പ്രശ്നങ്ങൾ എസ്.ആർ.ജി. യിൽ ചർച്ച ചെയ്ത് പരിഹാര പ്രവർത്തനങ്ങൾ ആസുത്രണം ചെയ്യാൻ അധ്യാപകർക്ക് കഴിയുന്നുണ്ട്.

## വിദ്യാലയം പൊതുവിശകലനം

ഈ ഗ്രമത്തിന്റെ ഭൗത വികസനം, യാത്രാ സൗകര്യം കാര്യക്ഷമമാക്കി. അതിനാൽ ദൂരെയുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിലേക്ക് കുട്ടികളെ നിർബന്ധപൂർവ്വം രക്ഷിതാക്കൾ അയച്ചു.

## വിദ്യാലയത്തിന്റെ ശക്തിയും പരിമിതിയും

1. **ശക്തി**

- മികച്ച പിന്തുണ നൽകുന്ന എസ്. എം. സി
- നാച്ചുകൂട്ടം പ്രവർത്തനങ്ങൾ
- സമീപവാസികളായ കലാകാരന്മാർ
- മുൻ അധ്യാപകർ
- ഫലപ്രദമായി പ്രവർത്തിക്കുന്ന എസ്. ആർ. ജി.
- സമീപസ്ഥരായ പരിസ്ഥിത പ്രവർത്തകർ, സാമൂഹിക പ്രവർത്തകർ
- ക്ലബ്ബ് പ്രവർത്തകർ
- വിദ്യാലയത്തിന്റെ തനതു പരിപാടികൾ

## 2. പരമിതി

- ഇന്റർനെറ്റ് ലഭ്യതയില്ലായ്മ
- ഐ. സി. റ്റി. സൗകര്യങ്ങളുടെ അപര്യാപ്തത
- കളിസ്ഥലത്തിന്റെ അഭാവം

## 3. സാധ്യതകൾ

- പൂർവ്വ വിദ്യാർത്ഥികളുടെ പിന്തുണ
- എസ്. എസ്. ജി. ശക്തിപ്പെടുത്തൽ
- ക്ലബ്ബുകൾ, വായനശാല, സ്വയം സഹായം സംഘങ്ങൾ എന്നിവയുമായി സഹകരിച്ച് സാമൂഹിക ബന്ധം ശക്തമാക്കുക.

## ഭീഷണികൾ

- കുട്ടികളുടെ എണ്ണത്തിലുള്ള കുറവ്
- സമീപസ്ഥരായ ചില രക്ഷകർത്താക്കൾ തങ്ങളുടെ കുട്ടികളെ വൻതുക ഫീസ് നൽകി ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിലേക്ക് അയക്കുന്ന അവസ്ഥ.
- സാമ്പത്തിക വളർച്ച നേടിയ കുടുംബങ്ങൾക്ക് വിദ്യാലയത്തോടുള്ള മനോഭാവം
- ഇന്റർ നെറ്റിന്റെ ലഭ്യതക്കുറവുമൂലം അധിക പഠന സാമഗ്രികൾ കണ്ടെത്തുന്നതിനുള്ള തടസ്സം.

## വിദ്യാലയം വികസന കാഴ്ചപ്പാട് രേഖ

- കുട്ടികളുടെ എണ്ണം അടുത്ത 5 വർഷം കൊണ്ട് 19 ൽ നിന്ന് 50 ലേക്ക് ഉയർത്തുക
- എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസാക്കുക
- കമ്പ്യൂട്ടർ ലാബ് വികസിപ്പിക്കുക
- പഠന സാമഗ്രികൾ, ഐ. സി. റ്റി സഹായത്തോടെ വികസിപ്പിക്കുന്നത് അധ്യാപകരെ സജ്ജരാക്കുക
- ക്ലാസ്റൂം പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുവാൻ ആവശ്യമായ ഉപകരണങ്ങൾ ലഭ്യമാക്കുക.

# ഇംഗ്ലീഷ്

പ്രവർത്തനം : 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ബുധനാഴ്ച കുട്ടികൾ തന്നെ അസംബ്ലി മുഴുവൻ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ് | |

**പ്രവർത്തനം 2**

പേര് : Reading Card Workshop

ഉപമേഖല : വായനാ സാമഗ്രി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ ഇംഗ്ലീഷ് റീഡിങ്ങ് കാർഡ് നിർമ്മിക്കൽ | ആഗസ്റ്റ് | ഇംഗ്ലീഷ് ക്ലബ് | 1000 |

പ്രവർത്തനം 3

പേര് : സ്റ്റോറി റീഡിങ്ങ്

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ ഇംഗ്ലീഷ് ഭാഷ വായന യിൽ പ്രാപ്ത രാക്കുക | ചെറിയ കഥകൾ വായനാകാർഡുകൾ എന്നിവ നൽകി വായവാ നടത്തുക | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടിച്ചർ | |

പ്രവർത്തനം 4

പേര് : പോസ്റ്റർ മേക്കിങ്ങ്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ ഇംഗ്ലീ ഷിലുള്ള ആവി ഷ്കാരങ്ങൾക്ക് പ്രാപ്തരാക്കുക | ദിനചരണങ്ങളു മായി ബന്ധപ്പെട്ട ഇംഗ്ലീഷ്ലുള്ള പോസ്റ്ററുകൾ തയ്യാറാക്കുക | ജൂൺ മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ക്ലബ് | 1000 |

പ്രവർത്തനം 5

പേര് : കാർഡ് മേക്കിങ്ങ്

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് | ജന്മദിനം, ഓണം ക്രിസ്മസ്, ന്യൂഇയർ തുടങ്ങിയ ദിനങ്ങളുമായി ബന്ധപ്പെട്ട് കാർഡുകൾ നിർമ്മിക്കൽ നൽകൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടിച്ചർ | 1000 |

പ്രവർത്തനം : 6

പേര് : സെൽഫ് ഇൻട്രഡക്ഷൻ

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് ഭാ, അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക | അംസംബ്ലിയിൽ ഓരോ കുട്ടികളും സെൽഫ് ഇൻട്രഡക്ഷൻ ചെയ്യുന്നതിന് അവസരം ഒരുക്കുക | ഇംഗ്ലീഷ് അസംബ്ലി ദിനത്തിൽ | ക്ലാസ് ടിച്ചർ | |

## പ്രവർത്തന പദ്ധതികൾ

### മലയാളം

പ്രവർത്തനം : 1

പേര് : പുസ്തകം എന്റെ കൂട്ടുകാരൻ

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാദി രുചി വളർത്തുക | പുസ്തകങ്ങൾ ലൈബ്രറിക്ക് മുന്നിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. ആഴ്ചയിൽ ഒരു പുസ്തകം കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് അധ്യാപകൻ | 1000 |

പ്രവർത്തനം : 2

പേര് : എന്റെ പിറന്നാൾ വായന

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാ ശീലം വളർത്തുക | പിറന്നാൾ ദിന കുട്ടി എന്റെ പിറന്നാൾ പുസ്തകം പരിചയപ്പെടുത്തുന്നു. | അക്കാദമിക വാർഷികം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3

പേര് : അക്ഷരക്കൂട്ടം

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു. ലൈബ്രറി പ്രവർത്തന വിധേയമാക്കൽ | അക്കാദമിക വർഷം | പി. ടി. എ പ്രദേശിക ക്ലബ് | 3000 |

പ്രവർത്തനം : 4

പേര് : സ്കൂൾ ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറി വിപുലീകരിച്ചു. ലൈബ്രറി പ്രവർത്തന വിധേയമാക്കൽ | അക്കാദമിക വർഷം | പി. ടി. എ പ്രദേശിക ക്ലബ് | 3000 |

പ്രവർത്തനം : 5

പേര് : സ്കൂൾ തല കയ്യെഴുത്ത് മാഗസിൻ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സ്കൂൾതല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ രണ്ടു മാസവും കൂടുംമ്പോൾ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം : 6

പേര് : എന്റെ വായനാ കുറിപ്പുകൾ

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശക ലനം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും പൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനുമുള്ള പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ (1, 2 ക്ലാസുകളിൽ വായനാ കാർഡുകൾ) | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടിച്ചർ | 1000 |

പ്രവർത്തനം : 7

പേര് : രചനോത്സവം

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ വ്യവഹാര രൂപത്തിലേക്ക് ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | അദ്ധ്യാപകർ തയ്യാറക്കി നൽകിയ വ്യവഹാരങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതൽ | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ് | 2000 |

പ്രവർത്തനം : 8

പേര് : പാട്ടരങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാവപ്രകടനം ശബ്ദ പ്രയോഗം, സംഗീതാത്മകത തുടങ്ങിയവ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാ ക്ലബ് | 500 |

പ്രവർത്തനം : 9

പേര് : ഭാഷോത്സവം

ഉപമേഖല : ഭാഷാകാഴ്ചവത്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷയുടെ വിവിധ ആശയ വിനിമയ രൂപ ങ്ങൾ മനസ്സിലാക്കുക, ഭാഷാ നൈപുണ്യം പ്രകടിപ്പിക്കുക | പ്രസംഗം, കഥപറയൽ കവിതാ പാരായണം ഭാഷാ പോസ്റ്ററുകൾ കടങ്കഥാ കേളി | മാതൃഭാഷ ദിനവുമായി ബന്ധപ്പെട്ട | ഭാഷാ ക്ലബ്<br>ക്ലാസ്<br>ടീച്ചർ | 2000 |

## ഗണിതം

പ്രവർത്തനം : 1

പേര് : ഗണിതം മധുരം (ഗണിതലാബ്)

ഉപമേഖല : ശണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയ ങ്ങൾ മുഴുവൻ കുട്ടികളിലുമെത്തിക്കുക | കുട്ടികൾക്ക് സ്വതന്ത്രരായി ഇടപെഴകാൻ സഹായകരമായ തരത്തിൽ ഗണിത ലാബ് സജ്ജമാക്കൽ | ജൂൺ മുതൽ മാർച്ച് | അധ്യാപകർ<br>പി.റ്റി.എ | 10000 |

പ്രവർത്തനം : 2

പേര് : ഗണിതമൂല

ഉപമേഖല : ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളും ആർജിക്കുന്നതിന് | 1 മുതൽ 4 വരെയുള്ള എല്ലാ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട് കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടിച്ചർ | 2000 |

## ഭൗതിക സാഹചര്യങ്ങളുടെ വികസനം

- ക്ലാസ് മുറികളിൽ വൈറ്റ് ബോർഡ് സ്ഥാപിക്കുക,
- പ്രീപ്രൈമറിക്കാവശ്യമായ ക്ലാസ് ഉപകരണങ്ങളും സൗകര്യങ്ങളും ഒരുക്കൽ.
- ക്ലാസുകളിൽ കുടിവെള്ള സംഭരണികൾ ഒരുക്കൽ
- സ്കൂളിന്റെ സമീവത്തുള്ള പ്രധാന റോഡരുകിൽ സ്കൂളിന്റെ സാമിപ്യം അറിയിച്ചുകൊണ്ടുള്ള വലിയ ബോർഡ് സ്ഥാപിക്കൽ.
- ജൈവ മാലിന്യത്തിൽ നിന്നും ബയോഗ്യാസ് നിർമ്മാണത്തിനുള്ള സംവിധാനം ഒരുക്കൽ.

# സാമൂഹികാവബോധം

പ്രവർത്തനം : 1

പേര് : വ്യക്തിയെ അിറയൽ

ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖ ങ്ങൾ എന്നി വയിലൂടെ സാമീഹിക മായ അിറവു കൾ നേടുന്ന തിന് | പ്രാദേശികമായി ലഭ്യമായ ആളുക ളുമായി അഭിമുഖ ത്തിന് അവസര മൊരുക്കൽ ചർച്ച കൾ സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടിച്ചർ | 1000 |

പ്രവർത്തനം : 2

പേര് : പ്രാദേശിക അറിവ്

ഉപമേഖല : നാട്ടറിവും നാട്ടുവൈദ്യവും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ നാടിന്റെ ചരിത്രം മനസ്സി ലാക്കുന്നതിനും സംസ്കാരിക മായ അതിന്റെ തനിമ നില നിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക. | സെപ്റ്റംബർ നവംബർ | SRG | |

# പരിസര പഠനം

പ്രവർത്തനം : 1

പേര് : ശാസ്ത്ര അവബോധം വളർത്തൽ എന്റെ പരീക്ഷണം (STD 4)

ഉപമേഖല : കുറിപ്പ് തയ്യാറാക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താൽപര്യം വളർത്തുക ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം വികസിക്കുക | പരീക്ഷണങ്ങളുടെ ഫലം രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണകുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | 10000 |

പ്രവർത്തനം : 2

പേര് : പരീക്ഷണകിറ്റ്

ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക. | മുഴുവൻ കുട്ടികൾ (3, 4) ക്ലാസ് ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 3

പേര് : ഫീൽഡ് ട്രിപ്പ്

ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ ത്തിന്റെ മുന്നോട്ട് പോക്കിന് സഹായക മായ പൊതു സ്ഥപനങ്ങളെ അറിയുന്നതിന് | പോലീസ് സ്റ്റേഷൻ പോസ്റ്റോഫീസ് വില്ലേജ്, ഹെൽത്ത് സെന്റർ മുതലായവയി ലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പി ക്കൽ | വർഷത്തിൽ 3 തവണ | ക്ലാസ് ടിച്ചർ | 10000 |

## വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1

പേര് : ഐ. റ്റി. പരിശീലനം

ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാപനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വാതന്ത്രമായും, താൽപര്യത്തോടും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ഐ.റ്റി., ഐ.സി. റ്റി. പ്രവർത്തന ങ്ങൾ സംഘടിപ്പി ക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടിച്ചർ എസ്. ഐ. റ്റി. സി | |

പ്രവർത്തനം : 2

പേര് : വിവരസാങ്കേതിക വിദ്യയിൽ പരിശീലനം

ഉപമേഖല : അധ്യാപക ശുദ്ധീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ഐ. സി.റ്റി സാധ്യതകൾ ശേഖരിക്കൽ | ഓരോ മാസത്തിലും | SITU | സാമ്പത്തിക വിശകലനം |

പ്രവർത്തനം : 3

പേര് : കമ്പ്യൂട്ടറിനെ അറിയാം

ഉപമേഖല : അമ്മയ്ക്കും അറിയാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രമായി അടുത്തറിയൽ | ഐ.സി.റ്റി സാധ്യത പരിചയപ്പെടുത്തൽ | മാസത്തിൽ | S I T C | |

# സർഗവേദി

പ്രവർത്തനം : 1

പേര് : സർഗ്ഗോത്സവം

ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കലാഭിരുചി വളർത്തുക | ആഴ്ചയിൽ വെള്ളിയാഴ്ച സർഗ്ഗവേദി സംഘടിപ്പിക്കൽ | മാസത്തിൽ 4 തവണ | SRG | |

പ്രവർത്തനം : 2

പേര് : നാടൻ പാട്ടുകൂട്ടം

ഉപമേഖല : നാടൻ പാട്ടുകളറിയാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയും ഒന്നാമനാണെന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നാടൻ പാട്ടുകളിൽ കുട്ടികൾക്ക് പരികീലനം | എല്ലാ മാസവും | SRG | |

പ്രവർത്തനം : 3

പേര് : കലാപ്രകടനങ്ങൾ

ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരമൊരുക്കുക | കുട്ടികളുടെ കഴിവുകൾ സോഷ്യൽ മീഡിയായിൽ പങ്കുവയ്ക്കുക | ജൂൺ മുതൽ മാർച്ച് വരെ | SRG ക്ലാസ് ടീച്ചർ | |

## ആരോഗ്യകായിക വിദ്യാഭ്യാസം

പ്രവർത്തനം : 1

പേര് : കായികാരോഗ്യം

ഉപമേഖല : സുംബ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ളക്ഷ്യം കായിക ക്ഷമതയുടെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തുക | സുംബ പരിശീലനം സംഘടിപ്പിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | SRG | |

പ്രവർത്തനം : 2

പേര് : കായിക പരിശീലനം

ഉപമേഖല : സുംബ പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പാക്കുക | നാടൻ കളികൾ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് | ക്ലാസ് ടീച്ചർ | സാമ്പത്തിക വിശകലനം |

പ്രവർത്തനം : 3

പേര് : ഹെൽത്ത് ചെക്കപ്പ്

ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ആരോഗ്യ ക്ഷമത ഉറപ്പാക്കുക | കുട്ടികളുടെ ആരോഗ്യക്ഷമത ഉറപ്പ് വരുത്തുന്നതിനായി ഹെൽത്ത് ചെക്ക് ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | PHC<br>SRG | |

## പ്രവൃത്തിപരിചയം

പ്രവർത്തനം : 1

പേര് : പ്രവൃത്തിപരിചയ ശിൽപശാല

ഉപമേഖല : നിർമ്മാണശേഷി വികാസം

| ലക്ഷ്യം | പ്രവർത്തന ങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ നിർമ്മാണ ഒഴിവുകൾ വികസിപ്പി ക്കുക | പ്രവൃത്തി പരി ചയ ഇനങ്ങളിൽ കുട്ടികൾക്ക് പരി ശീലനം ലഭ്യമാ ക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2

പേര് : പാഴ് പുതുക്കം

ഉപമേഖല : പാഴ് വസ്തുക്കൾ പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളു ടെയും രക്ഷി താക്കളുടെയും നിർമ്മാണക ഴിവ് പ്രയോജ നപ്പെടുത്തൽ | പാഴ് വസ്തുക്കൾ ശേഖരിച്ച് കര കൗശല വസ്തു ക്കൾ നിർമ്മിക്കൽ | ജൂലൈ | ക്ലാസ് ടീച്ചർ | 1000 |

പ്രവർത്തനം : 3

പേര് : തൊപ്പി നിർമ്മാണം

ഉപമേഖല : പാഴ്വസ്തുക്കൾ പ്രയോജനപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണ കഴിവ് വികസിപ്പിക്കുക | തുണി ഉപയോഗിച്ച് തൊപ്പി നിർമ്മാണം | ആഗസ്റ്റ് | എസ്. എസ് ജി | 1000 |

<u>നിർവ്വഹണ ചുമതല</u>

1. സിന്ധു എം. (പ്രധാനാധ്യാപിക)
2. ശ്രീജിമോൾ പി. സി.
3. ജോസിന ആന്റണി
4. നിസി ഗ്രേസ് ജയിംസ്